# ST. PAUL'S MAR THOMA PARISH
## KINGDOM OF BAHRAIN



## PARISH BULLETIN
## MARCH - 2024

+973 1725 0630 +973 3880 4243 P. O. Box 39049
stpaulsmtcbh@gmail.com, parishmarthoma.bh@gmail.com
www.stpaulsmarthomabahrain.com
St.Paul's Mar Thoma Parish Bahrain

(For private circulation among members only)



# വികാരിയിൽ നിന്ന്



## ക്രിസ്തുവിൽ ഏവർക്കും സ്നേഹവന്ദനം

കർത്താവിൽ പ്രിയരെ,

"നീ അവനെ ദൈവത്തേക്കാൾ അൽപം മാത്രം താഴ്ത്തി തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു. (സങ്കീ.8:5). ദൈവം മനുഷ്യനെ ശ്രേഷ്ഠതയുള്ളവനായി സൃഷ്ടിച്ചു. സ്വാതന്ത്ര്യവും, സ്വയാധികാരവും തീരുമാനശേഷിയും വകതിരിവുമെല്ലാം മനുഷ്യൻെറ സവിശേഷതകളാണ്. ദൈവത്തിൻെറ തേജസ്സും ബഹുമാനവും മനുഷ്യനു അലങ്കാരമായി ദൈവം നൽകി. സകല മനുഷ്യരുടെയും അന്തസ്സിൻെറയും ഹേതു ദൈവ തേജസ്സാണ്. എന്നാൽ മനുഷ്യൻ പല അതിരുകൾ സൃഷ്ടിച്ച് മനുഷ്യരെ വേർതിരിച്ച് പല തട്ടുകളിലാക്കി സ്ഥാപിച്ചു. ജാതി, വർഗ്ഗം, വർണ്ണം, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിൽ വളരെ വ്യവസ്ഥിതമായി ഈ വേർതിരിവുകൾ മാനവരാശിയുടെ ചരിത്രത്തിൽ സംഭവിച്ചിട്ടുണ്ട്. അവ പൂർണമായും വിവേചനപരമായിരുന്നു എന്നതാണ് വാസ്തവം. സവർണത, അവർണ്ണബോധങ്ങൾ ശക്തിപ്പെട്ടപ്പോൾ ദുർബലവിഭാഗം പാർശ്വവൽക്കരിക്കപ്പെടുകയും ഇരകളാക്കപ്പെടുകയും ചെയ്തു. ഇവിടെ മനുഷ്യൻ തന്നെപ്പോലെതന്നെ ദൈവതേജസ്സിനാൽ സൃഷ്ടിക്കപ്പെട്ട സഹോദരവർഗത്തിൻെറ അന്തസ്സ് നഷ്ടപ്പെടുത്തിക്കളഞ്ഞു. തത്ഫലമായി മനുഷ്യാന്തസ്സിൻെറ വീണ്ടെടുപ്പ് ചർച്ചാവിഷയമാകേണ്ടത് കാലത്തിൻെറ ആവശ്യമായി വന്നു. നീതിപൂർവമായ വേദപുസ്തക വ്യാഖ്യാനവും ദൈവരാജ്യമൂല്ല്യങ്ങളിൽ അധിഷ്ഠിതമായ ജീവിത ശൈലിയും മനുഷ്യാന്തസ്സിൻെറ വീണ്ടെടുപ്പിനു മാനവരാശിയെ വെല്ലുവിളിച്ചു സത്പ്രേരണ ഉൾക്കൊണ്ട് കൊണ്ട് പല വിമോചന പ്രസ്ഥാനങ്ങളും രൂപം കൊണ്ടു. ചിത്രശലഭത്തെ അടയാളമാക്കി ഐക്യരാഷ്ടസംഘടന മാർച്ച് ഒന്നാം തീയതി Zero Discrimination Day ആയി ആചരിക്കുന്നു. അതോടൊപ്പം മാർച്ച് എട്ടാം തിയതി വനിതാ ദിനമായി (International Women's Day) ആചരിക്കുന്നു. സമസൃഷ്ടങ്ങളോട് നിരന്ന് മനുഷ്യാന്തസ്സിൻെറ വീണ്ടെടുപ്പിൻ പങ്കാളികളായി ദൈവരാജ്യം ഭൂമിയിൽ യാഥാർത്ഥ്യമാക്കുവാൻ ഈ നോമ്പുകാലം നമുക്കും ഒരുങ്ങാം.

വലിയ നോമ്പിലെ നാലാം ആഴ്ചയിൽ വിശ്വാസത്തോടെ യേശുവിനെ സമീപിച്ച വിജാതീയ സ്ത്രീ ഭൂതോപദ്രവം ബാധിച്ച തന്റെ മകൾക്ക് സൗഖ്യം ലഭിക്കുന്നതിനായി യേശുവിനോട് അപേക്ഷിക്കുന്നത് ധ്യാനവിഷയമാക്കുന്നു. സകലരെയും വീണ്ടെടുക്കുന്ന യേശുക്രിസ്തുവിലൂടെ വർത്തമാനകാല ജീവിതയാഥാർത്ഥ്യങ്ങളിലും വീണ്ടെടുപ്പിന്റെ വിശാലമാനം സൃഷ്ടിക്കുവാൻ നമുക്കും യത്നിക്കാം. തുടർന്ന് കൂനയായ സ്ത്രീയുടെ സൗഖ്യത്തിലൂടെ വിടുതൽ നൽകുന്ന യേശുവിനെയും ബർത്തിമായിയുടെ സൗഖ്യത്തിലൂടെ നിലവിളിയുടെ മുൻപിൽ നിൽക്കുന്ന യേശുവിനെയും ധ്യാനിച്ച് നാൽപതാം വെള്ളിയാഴ്ചയിലേക്ക് വിശ്വാസ സമൂഹം പ്രവേശിക്കുന്നു. പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള കരുത്ത് ദൈവ ത്താടുള്ള നിരന്തരമായ സംസർഗ്ഗത്തിലൂടെ നാമും നേടേണ്ടതാണ്. കർത്താവിന്റെ യരുശലേം പ്രവേശനത്തിന്റെ ഓർമ്മയോടെ പീഡാനുഭവ വാരത്തിനു തുടക്കമാകുന്നു. കർത്താവിന്റെ പീഡാസഹനങ്ങളെയും അന്ത്യ പെസഹായെയും ധ്യാനിച്ച് കുരിശു മരണത്തിന്റെ ഓർമ്മകളുമായി ദുഖവെള്ളിയും ഉയിർപ്പിന്റെ സന്തോഷം പങ്കിടുന്ന ഈസ്റ്റർദിന ആരാധനയും ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

ഈ ദിനങ്ങളിൽ നടന്നു കൊണ്ടിരിക്കുന്ന വലിയനോമ്പ് നമസ്കാര ശുശ്രൂകളിലുള്ള പങ്കാളിത്വത്തിലൂടെ നോമ്പ് ദിനങ്ങൾ അർത്ഥപൂർണമാക്കാൻ ഏവരെയും ഉത്ബോധിപ്പിക്കുന്നു. പീഡാനുഭവ ശുശ്രൂകളിലും പെസഹ, ദുഖവെള്ളി, ഈസ്റ്റർ എന്നീ ദിനങ്ങളിലെ ശുശ്രൂഷകളിലും പ്രാർത്ഥനാപൂർവ്വം ഒരുങ്ങി വന്ന് സംബന്ധിക്കണമെന്ന് ഏവരേയും ഉത്സാഹിപ്പിക്കുന്നു. നമ്മുടെ നോമ്പും പ്രാർത്ഥനയും വ്യക്തിപരമായ ശിക്ഷണത്തിനും ശുദ്ധീകരണത്തിനും അനുതാപത്തിനും മാനസാന്തരത്തിനും വഴിയൊരുക്കട്ടെ. അതോടൊപ്പം സമൂഹത്തിന്റെ നന്മയ്ക്ക് ഉതകത്തക്കവിധം മനുഷ്യാന്തസ്സിനെ വീണ്ടെടുക്കുന്നതിനും പ്രകൃതിയെ സംരക്ഷിക്കുന്നതുമായ ജീവിത ശൈലി സ്വീകരിച്ച് മുമ്പോട്ട് ജീവിക്കുന്നതിനും ദൈവകരങ്ങളിൽ നമ്മെ സമർപ്പിക്കാം.

എന്ന് പ്രാർത്ഥനയോടെ, സ്നേഹത്തോടെ,

നിങ്ങളുടെ

**മാത്യു ചാക്കോ അച്ചൻ**
mathewchacko2008@gmail.com.
Mob.: +973 38804243

## Holy Qurbana, at St. Paul's Mar Thoma Parish, Sugaiya

| Date & Day | Time | Significance Of the Day | Theme Of the Day |
|---|---|---|---|
| 01-03-24 (Friday) | **08:00AM** | 4th Sunday of Lent | Jesus Christ who redeems all |
| 08-03-24 (Friday) | **08:00AM** | 5th Sunday of Lent | Jesus Christ who Liberates |
| 15-03-24 (Friday) | **06:00PM** | 36th Sunday | Jesus Christ who stops at human cries |
| 22-03-24 (Friday) | **06:00PM** | 40th Friday in Lent | Jesus Christ who overcomes temptations |
| 23-03-24 (Saturday) | **07:30PM** | **HOSANNA** & Theological Seminary Sunday | Jesus Christ, the lord of peace |
| 28-03-24(Thursday) | **07:30PM** | **MAUNDY THURSDAY** | Holy Qurbana: Celebration of the divine plan of Salvation |
| 29-03-24 (Friday) | **09:30AM** | **GOOD FRIDAY** | Crucified Christ,the way to Eternal Life |
| 30-03-24 (Saturday) | **07:30PM** | **EASTER** | Christ who defeated death and resurrected (End of the Great Lent) |

## Reading of The Month

| Date & Day | Assist Ward | 1st lesson | 2nd Lesson | Epistle | Gospel |
|---|---|---|---|---|---|
| 01-03-24 (Friday) | Riffa | Gen 12:1-9 | Acts 8:26-40 | Rom 15:14-21 | Mark 7: 24-30 |
| 08-03-24 (Friday) | Salmaniya | Exod 3: 1-15 | Acts 27:9-25 | Phil 1:12-20 | Luke 13:10-17 |
| 15-03-24 (Friday) | Sugaiya | Gen 21: 9-19 | Acts 12: 5-16 | Rom 8: 26-30 | Mark 10 :46-52 |
| 22-03-24(Friday) | Tubli | Jer 7: 3-17 | 1 Pet 1: 13-22 | Rom 8:35-39 | Luke 4 :1-13 |

## SCHEDULE OF HASHA –PASSION WEEK

| Date | Day | Assist Ward | 1st lesson | 2nd lesson | Epistle | Gospel |
|---|---|---|---|---|---|---|
| 23-03-24(Saturday) | **HOSANNA** | Adliya/Juffair/ Um al Hasam / Sitra | Zech 9:9-17 | Eph 2: 11-22 | Phil 4: 4-9 | Luke 19:29-40 |
| 28-03-24(Thursday) | **MAUNDY THURSDAY** | Budaiya | Exod 12:1-20 | Phil 2: 1-11 | 1Cor 11:23-34 | Matt 26:17-29 |
| 30-03-24(Saturday) | **EASTER** | Kaisthanna-samithi | Isa 60:12-21 | 1Cor 15:42-58 | 1Cor 15:20-28 | John 20:1-18 |

## GOOD FRIDAY READINGS(29-03-24)

| 1st lesson | 2nd lesson | 3rd lesson | 4th lesson | 5th lesson | 6th lesson | 7th lesson | 8th lesson | 9th lesson |
|---|---|---|---|---|---|---|---|---|
| Isa 53:1-12 | 1Pet 1:1-25 | Matt 26:47-75 | Zech 13:1-9 | Gal 3:1-22 | Matt 27:1-44 | Num 21:1-9 | Heb 3:1-19 | Matt 27:45-56 |

## CHURCH ORGANIZATION CONTACT

| SL.NO | ORGANIZATION | NAME | MEETINGS | MOB.NO |
|---|---|---|---|---|
| 1. | Senior Citizen Forum | Mr. Kuruvilla Abraham | Every 2nd Saturday @7:30pm | 39296734 |
| 2. | Edavaka Mission | Mr. Shibu Chacko | Every Sunday @7:30pm | 39754346 |
| 3. | Sunday School | Mr. Mathew Baby<br>Mr. Shibu T Kunjumon | First, second & Fifth Friday @11:00AM<br>Third & Forth Friday @9:30AM | 39308508<br>39204930 |
| 4. | Suvishesha Sevika Sangham | Mrs. Jaya Regi | Every Thursday @ 7:30pm | 39568030 |
| 5. | Yuvajanasakhyam | Mr. Ebin Mathew Oommen | Every Friday after church service | 38058485 |
| 6. | Choir Practice | Mr. Samuel Aniyan (Choir Master)<br>Mr. Anish Jacob George (Secretary) | Every Tuesday @ 7:30pm | 39275024<br>37781891 |

## WELCOMING NEWBORN BABIES TO OUR PARISH

1. **Donna Jinu Mathew**
   **D/O Mrs. & Mr. Jinu Mathew (Roll No-259)**




## PRAYER REQUEST

- **For Kingdom of Bahrain**
- **Our Nation**
- **Parish Registration**
- **People who are sick**



# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# വലിയ നോമ്പിലെ ആഴ്ചതോറുമുള്ള വേദഭാഗങ്ങളും ധ്യാനവിഷയവും

| | | | | | |
|---|---|---|---|---|---|
| **4–ാം ആഴ്ച (Week – 4)** | | | | | |
| 22 | ഞായർ<br>**(Sun)** | പുറ. 33:12–23<br>(Exod. 33:12-23) | റോമ. 8:24–39<br>(Rom. 8:24-39) | വി. മത്താ. 15:21–28<br>(St. Matt. 15:21-28) | കനാന്യ സ്ത്രീയുടെ മകളുടെ സൗഖ്യം: മധ്യസ്ഥതയുടെ മാഹാത്മ്യം (ക്നാനൈത്തൊ)<br>Healing of the Caananite Woman's Daughter: Greatness of Intercession (Knaanaitho) |
| 23 | തിങ്കൾ<br>**(Mon)** | യെശ. 26:1–10<br>(Isa. 26:1-10) | വെളി. 7:9–17<br>(Rev. 7:9-17) | വി. മത്താ. 7:7–14<br>(St. Matt. 7:7-14) | നിത്യതയുടെ ഇടുക്കുവാതിൽ<br>The Narrow Door of Eternity |
| 24 | ചൊവ്വ<br>**(Tue)** | പുറ. 3:1–10<br>(Exod. 3:1-10) | ഫിലി. 1:18–24<br>(Phil. 1:18-24) | വി. യോഹ. 3:16–21<br>(St. John 3:16-21) | പുറപ്പാടിന്റെ നൊമ്പരങ്ങൾ<br>The Pain of Exodus |
| 25 | ബുധൻ<br>**(Wed)** | സംഖ്യാ. 21:4–9<br>(Num. 21:4-9) | ഗലാത്യർ 6:11–16<br>(Gal. 6:11-16) | വി. യോഹ. 3:1–17<br>(St. John 3:1-17) | പകുതി നോമ്പ്: ക്രൂശിതനിലേക്കുള്ള നോട്ടം<br>Mid Lent: Looking to the Crucified |
| 26 | വ്യാഴം<br>**(Thu)** | സദൃ. 3:1–8<br>(Prov. 3:1-8) | യാക്കോ. 1:12–18<br>(James 1:12-18) | വി. ലൂക്കോ. 8:50–56<br>(St. Luke 8:50-56) | ജീവിപ്പിക്കുന്ന വചനം<br>The Word that Enlivens |
| 27 | വെള്ളി<br>**(Fri)** | യെശ. 28:16–22<br>(Isa. 28:16-22) | എബ്രാ. 2:1–9<br>(Heb. 2:1-9) | വി. മത്താ. 21:33–46<br>(St. Matt. 21:33-46) | ജീവനുള്ള മൂലക്കല്ല്<br>The Cornerstone of Life |
| 28 | ശനി<br>**(Sat)** | ഹോശേ. 2:16–23<br>(Hos. 2:16-23) | എഫെ. 5:25–32<br>(Eph. 5:25-32) | വി. യോഹ. 3:26–30<br>(St. John 3:26-30) | ക്രിസ്തുവിന്റെ മണവാട്ടി സഭ<br>Church – the Bride of Christ |
| **5–ാം ആഴ്ച (Week – 5)** | | | | | |
| 29 | ഞായർ<br>**(Sun)** | യെശ. 50:1–5<br>(Isa. 50:1-5) | അപ്പൊ. പ്ര. 16:13–24<br>(Acts. 16:13-24) | വി. ലൂക്കോ. 13:10–17<br>(St. Luke 13:10-17) | കൂനിയായ സ്ത്രീയുടെ സൗഖ്യം: ശബ്ബത്തെന്ന ആത്മീയ അനുഭവം (ക്ഫിപ്തൊ)<br>Healing of the Crippled Woman: Spiritual Experience of Sabbath (Kphiptho) |
| 30 | തിങ്കൾ<br>**(Mon)** | മീഖാ 7:7–20<br>(Mic. 7:7-20) | അപ്പൊ. പ്ര. 3:1–8<br>(Acts. 3:1-8) | വി. യോഹ. 5:1–18<br>(St. John 5:1-18) | ക്രിസ്തു: കരുണയുടെ സങ്കേതം<br>Christ: The Storehouse of Mercy |
| 31 | ചൊവ്വ<br>**(Tue)** | യിരെ. 2:20–24<br>(Jer. 2:20-24) | 1 യോഹ. 2:24–28<br>(I John 2:24-28) | വി. യോഹ. 15:1 –10<br>(St. John 15:1-10) | മുന്തിരിവള്ളിയും കൊമ്പുകളും<br>The Vine and the Branches |
| 32 | ബുധൻ<br>**(Wed)** | ഉല്പ. 18:1–10<br>(Gen. 18:1-10) | റോമ. 6:19–23<br>(Rom. 6:19-23) | വി. ലൂക്കോ. 19:1–10<br>(St. Luke 19:1-10) | രക്ഷയുടെ കൂടാരം<br>The Tent of Salvation |
| 33 | വ്യാഴം<br>**(Thu)** | യെശ. 53:1–12<br>(Isa. 53:1-12) | 1 പത്രോ. 2:21–25<br>(I Pet. 2:21-25) | വി. യോഹ. 11:47–53<br>(St. John 11:47-53) | അടിപ്പിണരാലുള്ള സൗഖ്യം<br>Healing through the Wounds of Christ |
| 34 | വെള്ളി<br>**(Fri)** | യോശു. 3:11–17<br>(Josh. 3:11-17) | ഗലാ. 6:11–16<br>(Gal. 6:11-16) | വി. മർക്കോ.10:35–50<br>(St. Mark 10:35-50) | ക്രൂശിലെ സ്നാനം<br>The Baptism of the Cross |
| 35 | ശനി<br>**(Sat)** | ഇയ്യോബ് 19:25–29<br>(Job 19:25-29) | 1 കൊരി. 15:34–49<br>(I Cor. 15:34-49) | വി. യോഹ. 12:20–28<br>(St. John 12:20-28) | ശരീമാകുന്ന വിത്ത്<br>Body as the Seed |
| **6–ാം ആഴ്ച (Week – 6)** | | | | | |
| 36 | ഞായർ<br>**(Sun)** | യെഹേ. 37:1–14<br>(Ezek. 37:1-14) | കൊലോ. 3:1–11<br>(Col. 3:1-11) | വി. മർക്കോ.10:46–52<br>(St. Mark 10:46-52) | ബർത്തിമായുടെ സൗഖ്യം: നേർകാഴ്ച (സമിയൊ)<br>Healing of Bartimaeus: True Sight (Samiyo) |
| 37 | തിങ്കൾ<br>**(Mon)** | പുറ. 19:1–8<br>(Exod. 19:1-8) | 1 കൊരി. 12:12–27<br>(I Cor. 12:12-27) | വി. യോഹ. 2:17–22<br>(St. John 2:17-22) | ക്രിസ്തു ശരീരമാകുന്ന സഭ<br>Church – the Body of Christ |
| 38 | ചൊവ്വ<br>**(Tue)** | യെശ. 61:1–6<br>(Isa. 61:1-6) | യാക്കോ. 5:12–18<br>(James 5:12-18) | വി. ലൂക്കോ. 4:16–22<br>(St. Luke 4:16-22) | ക്രിസ്തു: അഭിഷിക്തൻ<br>Christ – the Anointed One |
| 39 | ബുധൻ<br>**(Wed)** | ഉല്പ.4:1–15<br>(Gen. 4:1-15) | എബ്രാ. 9:22–28<br>(Heb. 9:22-28) | വി. മർക്കോ.12:41–44<br>(St. Mark 12:41-44) | അർപ്പണമായ ആരാധന<br>Worship: An offering |
| 40 | വ്യാഴം<br>**(Thu)** | യെശ. 6:1–8<br>(Isa. 6:1-8) | 1 യോഹ. 1:5–10<br>(I Jn. 1:5-10) | വി. ലൂക്കോ. 15:17–24<br>(St. Luke 15:17-24) | പാപബോധത്തിലൂടെയുള്ള ശുദ്ധീകരണം<br>Purification through Penitence |
| 41 | വെള്ളി<br>**(Fri)** | ഉല്പ. 3:1–13<br>(Gen. 3:1-13) | എബ്രാ. 2:14–18<br>(Heb. 2:14-18) | വി. മത്താ. 4:1–11<br>(St. Matt. 4:1-11) | പരീക്ഷയും പ്രലോഭനവും<br>Testing and Temptation |
| 42 | ശനി<br>**(Sat)** | 1 രാജാ. 17:17–24<br>(I Kgs. 17:17-24) | 1 തെസ്സ. 4:13–18<br>(I Thess. 4:13-18) | വി. യോഹ. 11:25–26<br>(St. John 11:25-26) | ഇതു നീ വിശ്വസിക്കുന്നുവോ?<br>Do You Believe this? |

# We are Ambassadors for Christ

(II Cor. 5:20)




ALHAYAT PRINTING 17554760 - alhayatprinting@gmail.com